**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – SOIL FEST എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഡിസംബർ അഞ്ച് മണ്ണുദിനം ആചരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2802/2019/ത.സ്വ.ഭ.വ. — തിരുവനന്തപുരം, തീയതി: 09/12/2019

---

പരാമർശം:- ബഹു. കൃഷി മന്ത്രിയുടെ 01/11/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

ഐക്യരാഷ്ട്ര സഭ എല്ലാ വർഷവും ഡിസംബർ 5 ലോക മണ്ണ് ദിനമായി ആചരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന കൃഷി- മണ്ണ് സംരക്ഷണ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ വർഷംതോറും മണ്ണ് ദിനം ആചരിക്കുന്നുണ്ട്. ഈ വർഷം SOIL FEST എന്ന പേരിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതും, കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സംസ്ഥാനമെന്ന നിലയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, പരിപാടി നടത്തിപ്പുമായി ബന്ധപ്പെട്ട് പതിനായിരം രൂപ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു. കൃഷി വകുപ്പ് മന്ത്രി പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിസംബർ അഞ്ചിന് മണ്ണുദിനം ആചരിച്ചതിന്റെ ചെലവുകൾക്കായി 10,000/- രൂപ (പതിനായിരം രൂപ) വീതം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.